LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ 22-6-2015 തീയതിവരെ ഉത്തരവായ സർക്കാർ ഉത്തരവുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട താലൂക്കുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. താലൂക്ക് തിരിച്ച് കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിക്കാറില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

64 (69) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ അപേക്ഷ നൽകി ധനസഹായം കിട്ടുന്നതിന് ഇന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) താഴെ പറയുന്ന അപേക്ഷകർക്ക് ധനസഹായം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ജി.ഒ.യുടെ കോപ്പി ലഭ്യമാക്കാമോ ;

(സി) ശ്രീമതി അമ്മിണി, DRF No. 32887/2015dtd1/6/2015 ശ്രീമതി തങ്കമ്മ, പുത്തൻപുരയിൽ, കോട്ടയം, രാമൻകുട്ടി കെ.പി, പടിഞ്ഞാറെ പെരുന്താനത്ത്, കോട്ടയം, മാത്യു പി.കെ., പുളിക്കയിൽ, മരങ്ങോലി, കോട്ടയം, ഉദയപ്പൻ കടുത്തുരുത്തി, കോട്ടയം ഷജീവ്,നെടിയമ്പത്ത് മെമ്പൂർ dtd 26-11-2014 Pt.No. 52941/CM/2015,ജോസ്, കടവിത്തായിൽ, മന്നാർ പൂഴിക്കോൽ, കടുത്തുരുത്തി തങ്കപ്പൻ, അനിത്താനത്ത്, അറുന്നൂറ്റിമംഗലം, കടുത്തുരുത്തി DRF No. 14390/DRF/2013 dtd. 8-5-2013, മണിയൻ, കൊറ്റമ്പിൽ, കാട്ടാമ്പാക്ക്, കടുത്തുരുത്തി, കോട്ടയം രവി.യു.എൻ., മുളകുളം, കോട്ടയം, ചാക്കോ, തെക്കുംകാട്ടിൽ DRF No. 6332/CM/2015 dtd. 12-2-2015 കൗസല്യ ഇലയാനി തോട്ടത്തിൽ വീട് DRF No. 58359/CM/14dtd. 3-12-2014, ദാസൻ, അനീഷ് ഭവൻ, കുറ്റിക്കാല, മാന്നാർ കടുത്തുരുത്തി DRF No. 29970/CM/14/dtd 30-6-2014, മണി, താന്നിക്കൽ വീട്, പകലോമറ്റം DRF No. 15177/CM/14 dtd 13-3-2014, പി.ഡി.ബാബു കലയന്താനംവീട്, പകലോമറ്റം DRF No. 15177/CM/14 dtd. 13-3-2014 എൽസമ്മാജോസ്, തെക്കെമാളിയേക്കൽ, മുട്ടുചിറ, ലൂസി എം.റ്റി, പൂഴിക്കോൽ, കടുത്തുരുത്തി, കോട്ടയം. ഇവരുടെ ദുരിതാശ്വാസനിധി തുക അനുവദിച്ചതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇവർക്ക് സഹായം ലഭ്യമാക്കിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി-സി) വിവരം ശേഖരിച്ചുവരുന്നു.

ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ

65 (70) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ബസിലിക്ക പള്ളിക്ക് സമീപം പാറേടത്ത് വീട്ടിൽ ശാരി ആന്റണി ടി കുട്ടിയുടെ അമ്മയുടെ മരണത്തെ തുടർന്ന് ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ച് കിട്ടുന്നതിനായി 18-5-2015-ന് സമർപ്പിച്ച അപേക്ഷയിൽ (No.4337/VIP/CM/2015) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തരമായി ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 27-11-2015-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നമ്പർ 633/ 15/ റവ.-ലെ ക്രമനമ്പർ 17 പ്രകാരം ശാരി ആന്റണിക്ക് അമ്മ അപകട മരണത്തിൽപ്പെട്ടതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്.

പൊതുകടം

65 (70) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സർക്കാരിന്റെ പൊതുകടം എത്രയാണ്; ഇവയിൽ 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും തിരിച്ചടക്കേണ്ടവ, പലിശ സഹിതം എത്ര കോടി രൂപ വീതം വരും; വിശദമാക്കാമോ ;

(ബി) 2015-16 കാലയളവിൽ എത്ര കോടി രൂപയുടെ കടം എടുക്കേണ്ടതായി വരുമെന്ന് കണക്കാക്കുന്നു; കടം എടുക്കാവുന്ന, കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച പരിധി എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly